# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂലായ് 30–ാം തീയതി ചൊവ്വാഴ്ച
(ആകെ ചോദ്യങ്ങൾ –23)

**(712) അയൽക്കൂട്ടങ്ങൾ സംഭരിക്കുന്ന ലഘുനിക്ഷേപം**
**(713) ചേരി നിവാസികളുടെ പാർപ്പിട പ്രശ്നത്തിനു പരിഹാരം കാണാൻ നടപടി**
**(714) ജൈവവൈവിദ്ധ്യത്തിന്റെ സുസ്ഥിര ഉപയോഗം സംബന്ധിച്ച പദ്ധതികൾ**
**(715) കുടുംബശ്രീ പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകൾ**
**(716) ഇൻഫർമേഷൻ കേരള മിഷൻ**
**(717) ഉദയഭാനു കമ്മീഷന്റെ ശുപാർശകൾ**
**(718) കേരള സ്റ്റേറ്റ് സെറികൾച്ചർ ഫെഡറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി**
**(719) നിർമ്മാണച്ചെലവ് പൂർണ്ണമായി ലഭിച്ചിട്ടുള്ള കെ.എച്ച്.ആർ.ഡബ്ല്യൂ. സൊസൈറ്റി പേവാർഡുകൾ സർക്കാരിന് തിരിച്ച് ലഭിക്കുന്നതിനാവശ്യമായ നടപടികൾ**
**(720) നഗരങ്ങളുടെ സൗന്ദര്യവൽക്കരണം**
**(721) അസംബ്ലി–പാർലമെന്റ് നിയോജകമണ്ഡലങ്ങളുടെ പുനർവിഭജനം**
**(722) ഇൻഫർമേഷൻ കേരള മിഷൻ**
**(723) വെൽഫയർ ഫണ്ട് രൂപീകരിക്കാൻ നടപടി**
**(724) കേരള സിവിൽ സർവ്വീസ്**
**(725) ഗ്രാമീണ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടി**
**(726) സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രസിദ്ധീകരണങ്ങൾ ഗ്രാമപഞ്ചായത്ത് വായനശാലകൾ വാങ്ങുന്നതിന് നടപടി**
**(727) പോലീസിലെ ഉന്നത ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസന്വേഷണം**
**(728) പഞ്ചായത്ത് സ്ഥാപനങ്ങളേയും നഗരപാലികാ സ്ഥാപനങ്ങളേയും കമ്പ്യൂട്ടർ ശൃംഖലകൊണ്ട് ബന്ധിക്കാൻ നടപടി**
**(729) ഭക്ഷണ സാധനങ്ങളിൽ മായംചേർക്കൽ കണ്ടുപിടിക്കുന്നതിന് ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സംവിധാനങ്ങൾ**
**(730) ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഡന്റൽ ക്ളിനിക്കുകൾ**
**(731) പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും രാസവസ്തു പ്രയോഗിക്കുന്നത് തടയാൻ നടപടി**
**(732) ആരോഗ്യ വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടി**
**(733) കേന്ദ്ര വനം–പരിസ്ഥിതികാര്യ മന്ത്രാലയത്തിന്റെ ദേശീയ ഹരിതസേനാ പരിപാടി**
(734) **ഹെൽത്ത്സിസ്റ്റം പ്രോജക്ട് പദ്ധതി നടപ്പിലാക്കാൻ നടപടി**

### അയൽക്കൂട്ടങ്ങൾ സംഭരിക്കുന്ന ലഘുനിക്ഷേപം

712. ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി രാധാരാഘവൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഘുനിക്ഷേപങ്ങൾ സ്വരൂപിക്കുന്നതിൽ അയൽക്കൂട്ടങ്ങൾക്കുള്ള സ്ഥാനമെന്ത്;

(ബി) ഇതുവരെ അയൽക്കൂട്ടങ്ങൾ ലഘുനിക്ഷേപമായി എന്തു തുക സമാഹരിച്ചു; അതിൽ എന്തു തുക വായ്പയായി നൽകി;

(സി) അയൽക്കൂട്ടങ്ങൾ സംഭരിക്കുന്ന ലഘുനിക്ഷേപത്തിൽ നിന്ന് വായ്പ നൽകുന്നതിനള്ള വ്യവസ്ഥയെന്താല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) :-**

(എ) ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരുടെ കൊച്ചു കൊച്ചു സമ്പാദ്യങ്ങൾ സ്വരൂപിക്കുന്നതിനും പെട്ടന്നുള്ള ആവശ്യങ്ങൾക്ക് ഈ ലഘു നിക്ഷേപങ്ങളിൽ നിന്നും

വായ്പ നൽകുന്നതിനും കുടുംബശ്രീ അയൽക്കൂട്ടങ്ങൾ അവസരം ഒരുക്കുന്നു. ആഴ്ചതോറും കൂടുന്ന അയൽക്കൂട്ടയോഗങ്ങളിൽ വെച്ചാണ് ഈ ലഘുനിക്ഷേപങ്ങൾ സ്വീകരിക്കുന്നത്

(ബി) അയൽക്കൂട്ടങ്ങൾ സമാഹരിച്ച ലഘു നിക്ഷേപത്തിന്റെയും വായ്പയുടെയും കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) താഴെപറയുന്ന വ്യവസ്ഥകൾക്കു വിധേയമാണ് അയൽക്കൂട്ടങ്ങൾ സമാഹരിക്കുന്ന ലഘുനിക്ഷേപത്തിൽ നിന്നും അയൽകൂട്ട അംഗത്തിന് വാഴ്പകൾ അനുവദിക്കുന്നത്.

1. അയൽക്കൂട്ടത്തിലെ അംഗങ്ങൾക്ക് മാത്രമേ അയൽക്കൂട്ടത്തിൽ നിന്നും വാഴ്പ ലഭിക്കു.
2. അയൽക്കൂട്ട അംഗമായി 6 മാസമെങ്കിലും പൂർത്തിയാക്കിയിട്ടുള്ള അംഗങ്ങൾക്കേ വായ്പ നൽകാവൂ
3. അംഗങ്ങളുടെ ഉപഭോഗ ആവശ്യങ്ങൾ (ഭക്ഷണം, വസ്ത്രം, മുതലായവ); ആകസ്മിക ആവശ്യങ്ങൾ (ചികിൽസ, മരണം, അപകടം), ആഘോഷ സംബന്ധമായ ആവശ്യങ്ങൾ, മുൻ കടം വീട്ടൽ, വരുമാനദായക പ്രവർത്തനങ്ങൾ എന്നീ ആവശ്യങ്ങൾക്ക് വായ്പ നൽകാവുന്നതാണ.
4. അയൽക്കൂട്ടാഗംങ്ങൾ ചർച്ച ചെയ്ത് ആവശ്യങ്ങളുടെ സ്വഭാവമനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് വായ്പ അനുവദിക്കുന്നത്.
5. വാഴ്പയ്ക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും, വായ്പത്തുക, പലിശ, വായ്പ തവണകൾ എന്നിവ തീരുമാനിക്കുന്നതും അയൽക്കൂട്ടമാണ്.
6. അംഗങ്ങളുടെ നിക്ഷേപങ്ങളുടെ മൂന്ന് മടങ്ങ് വരെ അയൽക്കൂട്ടങ്ങളിൽ നിന്നും വാഴ്പ നൽകാവുന്നതാണ്.

## <u>ചേരി നിവാസികളുടെ പാർപ്പിട പ്രശ്നത്തിനു പരിഹാരം കാണാൻ നടപടി</u>

713. ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ചേരി നിവാസികളുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ചേരി നിവാസികളുടെ പാർപ്പിട പ്രശ്നത്തെ കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വന്തമായി വീടില്ലാത്ത എത്ര ചേരി നിവാസികുടുംബങ്ങൾ ഉണ്ടെന്നു പറയാമോ;

(സി) ചേരി നിവാസികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) ചേരി നിവാസികൾക്കുവേണ്ടിയുള്ള പാർപ്പിട പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ഏത് ഏജൻസിയാണെന്ന് വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) :-**

(എ) നഗരങ്ങളിലെ ചേരിപ്രദേശങ്ങളിലെ പാർപ്പിട പ്രശ്നത്തിനു പരിഹാരം കാണാൻ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

**1) ദേശീയ ചേരി വികസന പരിപാടി (എൻ.എസ്.ഡി.പി)**

ഈ പദ്ധതിയിൽ പ്രകാരം ലഭിക്കുന്ന തുകയുടെ 30% തുക ചേരി നിവാസികളുടെ പാർപ്പിട നിർമ്മാണത്തിനായാണ് ഉപയോഗിക്കുന്നത്. ഈ പദ്ധതി പ്രകാരം 23,267 വീടുകൾ വിവിധ പട്ടണങ്ങളിൽ നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**2) വാത്മീകി- അംബേദ്കർ ആവാസ് യോജന**

നഗര പ്രദേശങ്ങളിലെ ചേരി നിവാസികൾക്ക് വീടുകൾ നിമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യം വെച്ച് കൊണ്ട് കേന്ദ്ര സർക്കാർ 2001-2002 സാമ്പത്തിക വർഷം പുതുതായി ആരംഭിച്ച പദ്ധതിയാണിത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന സാമ്പത്തിക അനുപാതത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി, പുനലൂർ എന്നീ നഗരസഭകൾക്കായി 1330 വീടുകൾ നിർമ്മിക്കുന്നതിനായി ധന സഹായം അനുവദിച്ചിട്ടുണ്ട്.

ഈ രണ്ട് കേനദ്രാവിഷ്കൃത പദ്ധതികൾക്കു പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തം നിലക്കും പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. പദ്ധതി തയ്യാറാക്കുന്നതന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങളിൽ മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും അവയുടെ ആകെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം എങ്കിലും പുറമ്പോക്ക് നിവാസികളുടെ പുനരധിവാസം ഉൾപ്പെടെയുള്ള ചേരി വികസന പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണെന്ന് പത്താം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗ രേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ചേരികളെ കുറിച്ച് 95–96–ൽ നഗരാസൂത്രണ വകുപ്പ് ഒരു സർവ്വേ നടത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇപ്പോൾ എത്ര വീടില്ലാത്ത ചേരി നിവാസി കുടുംബങ്ങൾ ഉണ്ടെന്ന് സംബന്ധിച്ച് വ്യക്തമായ കണക്ക് ലഭ്യമല്ല.

(സി) ദേശീയ ചേരി വികസന പരിപാടി പ്രകാം ഇതുവരെ 48.14 കോടി രൂപയും വാത്മീകി അംബേദ്കർ ആവാസ് യോജന പ്രകാരം 2.66 കോടി രൂപയും കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. ഇതിൽ ദേശീയ ചേരി വികസന പരിപാടിക്കായുള്ള തുക യുടെ 30% ചേരി നിവാസികളുടെ പാർപ്പിട നിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്.

(ഡി) മുകളിൽ സൂചിപ്പിച്ച രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) മുഖേനയാണ് നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതികളുടെ തദ്ദേശ തലത്തിലുള്ള നടത്തിപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സമൂഹാധിഷ്ഠിത സംഘടനാ സംവിധാന (കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി) ത്തിലൂടെയാണ്.

## ജൈവവൈവിദ്ധ്യത്തിന്റെ സുസ്ഥിര ഉപയോഗം സംബന്ധിച്ച പദ്ധതികൾ

714. ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
ഡോക്ടർ തോമസ് ഐസക് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്ര. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവവൈവിദ്ധ്യത്തിന്റെ സുസ്ഥിര ഉപയോഗം മുന്നിൽ കണ്ടു കൊണ്ട് എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്;

(ബി) ഹെർബൽ ടെക്നോളജി രംഗത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഹെർബൽ ടെക്നോളജി വികസിപ്പിച്ചെടുക്കുന്നത് സംസ്ഥാനത്തെ ഏതു സ്ഥാപനമാണെന്നു പറയാമോ;

(ഡി) പ്രസ്തുത സ്ഥാപനം വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകളുടെ കൈമാറ്റം സംബന്ധിച്ച നടപടിക്രമം എന്താണെന്നു വെളിപ്പെടുത്തുമോ; ഇതിനകം പ്രസ്തുത സ്ഥാപനം വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ കൈമാറ്റം ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദവിവര വെളിപ്പെടുത്തുമോ;

(എഫ്) ഇതുമൂലം പ്രസ്തുത സ്ഥാപനത്തിനുണ്ടായ നേട്ടങ്ങൾ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ജി) നാട്ടറിവുകളും ജൈവ വൈവിദ്ധ്യവും ആയുർവേദവും നൂതന സാങ്കേതിക വിദ്യകളും സംയോജിപ്പിച്ചുകൊണ്ടള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾ ഗ്രാമതലത്തിൽ നടപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടണ്ടോ;

(എച്ച്) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഐ) പ്രാഥമികാരോഗ്യ സംരക്ഷണത്തിന് ഉതകുന്ന രീതിയിൽ ഔഷധങ്ങളുടെ കൃഷിയും സംരക്ഷണവും ഉപയോഗവും ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് എന്തെങ്കിലും പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ജൈവവൈവിദ്ധ്യത്തിന്റെ സുസ്ഥിര ഉപയോഗം മുന്നിൽ കണ്ടുകൊണ്ട് വിവിധ ഗവേഷണ പദ്ധതികൾ ട്രോപ്പിക്കൽ ബൊട്ടാനിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിവരുന്നു. പ്രധാന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ജൈവ വൈവിദ്ധ്യാധിഷ്ഠിത ഗവേഷണങ്ങളിലൂടെ ആധുനിക ശാസ്ത്ര സാംകേതിക വിദ്യകൾ ഉപയോഗിച്ച് നൂതന ഔഷധങ്ങൾ ന്യൂട്രാബ്യൂട്ടികൽസ്

കോസ്മെറ്റിക്സ് പെർഫ്യൂമ്സ് ഫാർമഫുഡ് വ്യവസായികാവശ്യങ്ങൾക്കുള്ള അടിസ്ഥാന രാസപദാർത്ഥങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നടന്നുവരുന്നു.

(സി) ഹെർബൽ ടെക്നോളജി വികസിപ്പിച്ചെടുക്കുന്നത് ശാസ്ത്ര സാംകേതിക പരിസ്ഥിതി കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ്.

(ഡി) ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുക്കുന്ന സാംകേതിക വിദ്യകളുടെ കൈമാറ്റം കേന്ദ്ര ശാസ്ത്ര സാംകേതിക ഗവേഷണ കൗൺസിലിൽ നിലവിലുള്ള നടപടിക്രമം അനുസരിച്ചാണ് നടത്തുന്നത്.

ഇതിനകം രണ്ട് സസ്യാധിഷ്ടിത ഔഷധങ്ങളുടെ സാംകേതിക വിദ്യ കൈമാറ്റം നടത്തിയിട്ടുണ്ട്.

(ഇ) ഈ സ്ഥാപനം വികസിപ്പിച്ചെടുത്ത ജീവനി എന്ന സസ്യ ഔഷധത്തിന്റെ ഉൽപാദനത്തിനുള്ള സാംകേതികവിദ്യ നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായി കോയംപത്തൂർ ആര്യവൈദ്യശാലയ്ക്ക് കൈമാറിയിട്ടുണ്ട്. സിസൈറോസ്പ് എന്ന ഔഷധത്തിന്റെ സാംകേതിക വിദ്യ മദ്ധ്യപ്രദേശിലെ ജാവർ കെമിക്കൽസ് എന്ന കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

(എഫ്) ജീവനി എന്ന ഔഷധത്തിന്റെ കൈമാറ്റത്തിനു 10 ലക്ഷം രൂപ ലൈസൻസ് ഫീ ആയും വിറ്റുവരവുന്റെ 2 ശതമാനം റോയൽറ്റിയായും ലഭിക്കുന്നുണ്ട്. സിസൈറോസപ് എന്ന ഔഷധത്തിന്റെ കൈമാറ്റത്തിന് 5 ലക്ഷം രൂപ ലൈസൻസ് ഫീ ആയും വാർഷിക വിറ്റുവരവിന്റെ രണ്ടരശതമാനം റോയൽറ്റിയായും ലഭിക്കുന്നു.

(ജി ആന്റ് എച്ച്) ഉണ്ട്. നാട്ടറിവുകളും ജൈവവൈവിദ്ധ്യവും ആയുർവേദവും നൂതനസാംകേതികവിദ്യകളും സംയോജിപ്പച്ചുകൊണ്ട് എല്ലവർക്കും ഔഷധസസ്യങ്ങൾ എല്ലാവർക്കും ആരോഗ്യം എന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. 1994–97 കാലഘട്ടത്തിൽ തിരുവനന്തപുരം, ജില്ലയിലെ നാലുഗ്രാമങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഐ) പ്രാഥമികാരോഗ്യ സംരക്ഷണത്തിനു ഗൃഹൗഷധികളായി ഉപയോഗിക്കുവാൻ പറ്റിയ ഔഷധങ്ങൾ സ്വയം ഉൽപാദിപ്പിക്കുന്നതിനള്ള പരിശീലനം തിരഞ്ഞെടുത്ത ഗ്രാമങ്ങളിൽ നിന്നും വരുന്നവർക്ക് നൽകുന്നുണ്ട്. ഔഷധ സസ്യങ്ങളുടെ സംരക്ഷണം കൃഷി വിളവെടുപ്പ് വിള സംസ്ക്കരണം എന്നീ കാര്യങ്ങളിലും പരിശീലനം നൽകുന്നുണ്ട്. കേരള ഫോറസ്ട്രി പ്രോജക്ടിന്റെ കീഴിൽ ലോകബാങ്കിന്റെ ധനസഹായത്തോടെ ഔഷധ സുഗന്ധ സസ്യസംരക്ഷണവും സുസ്ഥിര ഉപയോഗവും എന്ന പദ്ധതി കോട്ടൂരിലെ 8 കാണി ഊരുകളിലും അച്ചൻകോവിലിലെ മലപ്പണ്ടാര കോളനിയിലും കഴിഞ്ഞ ഒന്നരവർഷമായി നടത്തിവരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്ന ഈ പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയശേഷം മറ്റ് ആദിവാസി കേന്ദ്രങ്ങളിലേക്ക് ഈ പരിപാടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

## കുടുംബശ്രീ പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകൾ

715. ശ്രീ. പി. പി. ജോർജ് :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. പി. ടി. തോമസ് :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എത്ര ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ പദ്ധതി നടപ്പാക്കിയിട്ടുണ്ട്;

(ബി) ഈ വർഷം എത്ര ഗ്രാമപഞ്ചാത്തുകളിൽക്കൂടി ഈ പദ്ധതി നടപ്പാക്കും ;

(സി) ഈ പദ്ധതി സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിൽ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) :-**

(എ) & (ബി) സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും കുടുംബശ്രീ പദ്ധതി വ്യാപിപ്പിച്ചുകഴിഞ്ഞു.

(സി) കുടുംബശ്രീയുടെ പരിധിയിൽ രൂപം കൊള്ളുന്ന അയൽകൂട്ടങ്ങളിൽ ദരിദ്രരായ കുടുംബങ്ങളെ മുഴുവൻ ഉൾപ്പെടുത്തുക എന്ന് ലക്ഷ്യമാക്കി കൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

## ഇൻഫർമേഷൻ കേരള മിഷൻ

716. ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ എന്തെല്ലാം വിധത്തിലുള്ള പരിശീലന പരിപാടികളാണ് നടത്തുന്നത്;

(ബി) ഈ സ്ഥാപനം ആർക്കെല്ലാമാണ് പരിശീലനം നൽകുന്നത്;

(സി) പരിശീലനം നൽകുന്ന വിദഗ്ദ്ധൻമാർ ആരെല്ലാമാണ്;

(ഡി) പരിശീലനം നൽകുവാൻ ഇവർക്കുള്ള പ്രത്യേക യോഗ്യതകൾ എന്തെല്ലാമാണ്?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) :-**

(എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി വികസിപ്പിച്ചിട്ടുള്ള ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകളിലുള്ള പരിശീലനമാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

(ബി) വിവിധ ഘട്ടങ്ങളിലായി പരിശീലനം നൽകാൻ ഉദ്ദേശിക്കുന്ന വരെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (1)ൽ ചേർത്തിട്ടുണ്ട്.

(സി)യും (ഡി)യും പരിശീലനം നൽകുന്നവരുടെയും അവരുടെ യോഗ്യതയെയും സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം (2)ൽ ചേർത്തിട്ടുണ്ട്.

## ഉദയഭാനു കമ്മീഷന്റെ ശുപാർശകൾ

717. ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിൽ പരിഷ്കരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ച ഉദയഭാനു കമ്മീഷന്റെ ഏതെല്ലാം ശുപാർശകളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് പറയാമോ;

(ബി) ഇനി ഏതെല്ലാം ശുപാർശകളാണ് നടപ്പിലാക്കാനുള്ളതെന്ന് പറയാമോ;

(സി) ജയിലുകളിലെ ചെലവ് കുറയ്ക്കുന്നത് സംബന്ധിച്ച് ഉദയഭാനു കമ്മീഷൻ എന്തെല്ലാം ശുപാർശകളാണ് നൽകിയിട്ടുള്ളത്;

(ഡി) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർക്ക് ജോലി ചെയ്യുന്നതിനുള്ള പ്രതിഫലം വിതരണം ചെയ്യുന്നതിന് നേരിടുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ) ഉദയഭാനു കമ്മീഷൻ സമർപ്പിച്ച ജയിൽ പരിഷ്ക്കരണ റിപ്പോർട്ടിൽ 227 ശുപാർശകളാണുള്ളത്. പ്രാധാന്യമനുസരിച്ച് ശുപാർശകൾ ഘട്ടം ഘട്ടമായി നടപ്പാക്കിവരുന്നു. ഇതിനകം നടപ്പാക്കി കഴിഞ്ഞവയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

(ബി) ഇനി നടപ്പാക്കാനുള്ള ശുപാർശകളിൽ പ്രധാനപ്പെട്ടവയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

(സി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ചെലവുചുരുക്കൽ ഉൾപ്പെടുത്തിയിരുന്നില്ല. അതിനാൽ സാംപത്തിക ചെലവ് കുറക്കണമെന്ന ലക്ഷ്യത്തിൽ പ്രത്യേകിച്ച് ശുപാർശകളൊന്നും സമർപ്പിച്ചിട്ടില്ല.

(ഡി) ഉണ്ട്. ഫണ്ടിന്റെ അപര്യപ്തത, ട്രഷറി നിയന്ത്രണം എന്നീ കാരണങ്ങളാൽ ജയിലുകളിലെ തടവുകാർക്ക് യഥാസമയം പ്രതിഫലം വിതരണം ചെയ്യാൻ കഴിയാത്തതായി റിപ്പോർട്ട് ചെയതിട്ടുണ്ട്.

(ഇ) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേരള സ്റ്റേറ്റ് സെറികൾച്ചർ ഫെഡറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി

718. ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സെറികൾച്ചർ ഫെഡറേഷന്റെ നാളിതു വരെയുള്ള പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വികസന സാദ്ധ്യതയുള്ള പട്ടുനൂൽ വ്യവസായം കാര്യക്ഷമമാക്കുന്നതിനും പുതിയ വിപണികൾ കണ്ടെത്തുന്നതിനുമായി ഈ ഫെഡറേഷൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകുമോ;

(ഇ) എങ്കിൽ അത് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

**ഉത്തരം**

**ശ്രീ. സി. എഫ്. തോമസ് (ഗ്രാമവികസന വകുപ്പുമന്ത്രി) :-**

(എ) സെറിഫെഡിന്റെ കലാകാലങ്ങളിലുള്ള പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സെറികൾച്ചർ വ്യാപിക്കുന്നതിനും കൊക്കൂൺ, സിൽക്ക് നൂൽ എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും 14 ജില്ലകളിലായി 40 സെറികൾച്ചർ ക്ളാസ്റ്ററുകൾ വികസിപ്പിക്കുക എന്നതാണ് പ്രധാന പദ്ധതി. ഇതി പ്രകാരം 125 പഞ്ചായത്തുകളിൽ സെറികൾച്ചർ വ്യാപനം നടത്തിവരുകയാണ്. താൽപര്യമുള്ള വ്യവസായ സംരംഭകർക്ക് ആവശ്യായ പരിശീലനവും സഹായവും കേന്ദ്ര സിൽക്ക് ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ആന്റ് (ഇ) കാലാതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നിർമ്മാണച്ചെലവ് പൂർണ്ണമായി ലഭിച്ചിട്ടുള്ള കെ.എച്ച്.ആർ.ഡബ്ല്യൂ. സൊസൈറ്റി പേവാർഡുകൾ സർക്കാരിന് തിരിച്ച് ലഭിക്കുന്നതിനാവശ്യമായ നടപടികൾ

719. ശ്രീ. സ്റ്റീഫൻ ജോർജ്:
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജാശുപത്രികളിലും ജില്ലാ താലൂക്ക് ആശുപത്രികളിലും കെ.എച്ച്.ആർ.ഡബ്ല്യൂ. സൊസൈറ്റി പേവാർഡുകൾ നിർമ്മിച്ച് നൽകുമ്പോൾ നിർമ്മാണച്ചെലവ് വാടക ഇനത്തിൽ തിരികെ സൊസൈറ്റിക്ക് ലഭിച്ചുകഴിയുമ്പോൾ പേവാർഡുകൾ സർക്കാരിന് കൈമാറും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരം ആശുപത്രികളിൽ സ്ഥാപിച്ചിട്ടുള്ള പേവാർഡുകളുടെ നിർമ്മണച്ചെലവും അവയിൽ നിന്ന് നാളിതുവരെ വാടക ഇനത്തിൽ ലഭിച്ച തുകയും എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) നിർമ്മാണച്ചെലവ് പൂർണ്ണമായി ലഭിച്ചിട്ടുള്ള കെ.എച്ച്.ആർ.ഡബ്ല്യൂ സൊസൈറ്റി പേവാർഡുകൾ സർക്കാരിന് തിരിച്ച് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ഇല്ല.

(ബി) കെ.എച്ച.ആർ.ഡബ്ള്യു.എസ്. പേവാർഡുകൾക്ക് നാളിതുവരെ നിർമ്മാണചെലവിനത്തിൽ 730 ലക്ഷം രൂപ (എഴുനൂറ്റി മുപ്പതു ലക്ഷം) ആയിട്ടുണ്ട്. വാടകയിനത്തിൽ ലഭിച്ച തുക എത്രയെന്ന് കണക്കെടുത്തുവരുന്നു.

(സി) പേ വാർഡുകളുടെ നിർമ്മാണ ചെലവ് വാടകയിനത്തിൽ പിരിഞ്ഞുകിട്ടിക്കഴിയുംപോൾ ഗവൺമെന്റിന് തിരികെ നൽകണമെന്ന വ്യവസ്ഥയില്ല. കെ.എച്ച്.ആർ.ഡബ്ള്യു. എന്ന സ്ഥാപനം തന്നെ സർക്കാരിന്റെ പരിപൂർണ്ണ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുളള ഒന്നാണ്. അതിനാൽ കൈമാറ്റത്തിന്റെ ആവശ്യവുമില്ല.

## നഗരങ്ങളുടെ സൗന്ദര്യവൽക്കരണം

720. ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ:

ശ്രീ. പി.ജെ. ജോയി:

ശ്രീ. കെ.സി.വേണുഗോപാൽ:

ശ്രീ.എ.പി. അനിൽകുമാർ:

ശ്രീ. എം.എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തിലെ നഗരങ്ങളുടെ സൗന്ദര്യവൽക്കരണത്തിന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇതിനുവേണ്ടി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) നഗര സൗന്ദര്യവൽക്കരണ കാര്യത്തിൽ റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാലയങ്ങൾ എന്നിവയുടെ സഹകരണം തേടാൻ ഉദ്ദേശമുണ്ടോ;

(ഇ) നഗരങ്ങ്ളിൽ കൂടുതൽപാർക്കുകളും ഓപ്പൺ സ്പേസുകളും ഉണ്ടാക്കുവാനുദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ നഗരങ്ങളിൽ പാർക്കുകൾ, തുറസ്സായ സ്ഥലങ്ങൾ, അമ്യൂസ്മെന്റ് പാർക്കുകൾ, ഉല്ലാസ നടപ്പാതകൾ എന്നിവയ്ക്ക് ഉചിതമായ പരിഗണന നൽകുന്നതിന് സർക്കാർ അംഗീകരിച്ച നഗര വികസന നയത്തിലെ 6.5 ഖണ്ഡികയിൽ വിഭാവന ചെയ്തിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ നഗരങ്ങ്ൾ സൗന്ദര്യവൽക്കരിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ട്.

(സി) നഗര വികസന നയത്തിലെ പ്രഖ്യാപനത്തിനനുസൃതമായ നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള പാർക്കുകളുടേയും ഉദ്യാനങ്ങളുടേയും പരിപാലനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക നിർദ്ദേശം നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ)ഉണ്ട്. നഗര വികസന നയത്തിൽ ഇക്കാര്യം പ്രതിപാദിച്ചിട്ടുണ്ട്.

## അസംബ്ലി-പാർലമെന്റ് നിയോജകമണ്ഡലങ്ങളുടെ പുനർവിഭജനം

721. ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. എ.സി.ഷൺമുഖദാസ്:

ശ്രീ. കെ. പി. മോഹനൻ:

ശ്രീ. സി.കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ;

(എ) അസംബ്ലി-പാർലമെന്റ് നിയോജകമണ്ഡലങ്ങളുടെ പുനർവിഭജനം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനത്തിന്റെ വിശദാംശം സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ ലഭ്യമാക്കുമോ;

(ബി) പുതിയ ജില്ലകൾ രൂപീകരിക്കപ്പെട്ടതിനെത്തുടർന്ന് പഴയ ജില്ലകളിൽ ഭൂരിഭാഗം പഞ്ചായത്തുകളും ഉൾക്കൊള്ളുകയും ഒന്നോ രണ്ടോ പഞ്ചായത്തുകൾ മറ്റ് റവന്യൂ ജില്ലകളിൽ ഉൾപ്പെടുകയും ചെയ്യുന്നതുകൊണ്ട് തെരെഞ്ഞെടുപ്പ് ഡിപ്പാർട്ടമെന്റിനും തെരെഞ്ഞെടുപ്പ് പ്രചാരണത്തിനും അനുഭവപ്പെടുന്ന പ്രയാസങ്ങൾ കേന്ദ്ര തെരെഞ്ഞെടുപ്പ് കമ്മീഷന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച്, അവരുടെ പ്രതികരണം എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) രണ്ട് റവന്യൂ ജില്ലകളിൽപ്പെടുന്ന എത്ര പാർലമെന്റ് അസംബ്ലി മണ്ഡലങ്ങൾ സംസ്ഥാനത്തുണ്ടെന്നും അവ ഏതെല്ലാം എന്നും വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ലഭിച്ചിട്ടില്ല.

(ബി) നിയോജകമണ്ഡലങ്ങളുടെ പുനർവിഭജനം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനങ്ങളുടെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാൽ അപ്രകാരം ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

(സി) പാർലമെന്റ് മണ്ഡലം – 11 എണ്ണം

| | | | |
|---|---|---|---|
| 1. | അടൂർ മണ്ഡലം | – | പത്തനംതിട്ട & കൊല്ലം ജില്ല |
| 2. | മാവേലിക്കര മണ്ഡലം | – | പത്തനംതിട്ട & ആലപ്പുഴ ജില്ല |
| 3. | ഇടുക്കി | – | പത്തനംതിട്ട & ഇടുക്കി ജില്ല |
| 4. | മൂവാറ്റുപുഴ മണ്ഡലം | – | എറണാകുളം & കോട്ടയം ജില്ല |
| 5. | മുകുന്ദപുരം മണ്ഡലം | – | തൃശ്ശൂർ & എറണാകുളം ജില്ല |
| 6. | ഒറ്റപ്പാലം മണ്ഡലം | – | തൃശ്ശൂർ & പാലക്കാട് ജില്ല |
| 7. | വടകര മണ്ഡലം | – | കോഴിക്കോട് & കണ്ണൂർ ജില്ല |
| 8. | കോഴിക്കോട് മണ്ഡലം | – | കോഴിക്കോട് & വയനാട് ജില്ല |
| 9. | മഞ്ചേരി മണ്ഡലം | – | മലപ്പുറം & കോഴിക്കോട് ജില്ല |
| 10 | കണ്ണൂർ മണ്ഡലം | – | കണ്ണൂർ & വയനാട് ജില്ല |
| 11. | കാസർഗോഡ് മണ്ഡലം | – | കണ്ണൂർ ആന്റ് കാസർഗോഡ് ജില്ല |
| | നിയമസഭ മണ്ഡലം – 7 എണ്ണം | | |
| 1. | തൃക്കരിപ്പൂർ മണ്ഡലം | – | കാസർഗോഡ് & കണ്ണൂർ ജില്ല |
| 2. | നോർത്ത് വയനാട് മണ്ഡലം | – | വയനാട് & കണ്ണൂർ ജില്ല |
| 3. | മൂവാറ്റുപുഴ മണ്ഡലം | – | എറണാകുളം & ഇടുക്കി ജില്ല |
| 4. | ദേവികുളം മണ്ഡലം | – | എറണാകുളം & ഇടുക്കി ജില്ല |
| 5. | പീരുമേട് മണ്ഡലം | – | ഇടുക്കി & കോട്ടയം ജില്ല |
| 6. | ആറൻമുള മണ്ഡലം | – | പത്തനംതിട്ട ആന്റ് ആലപ്പുഴ ജില്ല |
| 7. | പന്തളം മണ്ഡലം | – | പത്തനംതിട്ട ആന്റ് ആലപ്പുഴ ജില്ല |

## ഇൻഫർമേഷൻ കേരള മിഷൻ

722. ശ്രീ. വി. ബാലറാം:

ശ്രീ. എം. മുരളി:

ശ്രീ. എം.പി. ഗംഗാധരൻ:

ശ്രീ. ഇ.എം. അഗസ്തി:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇൻഫർമേഷൻ കേരള മിഷൻ ഇതുവരെ എത്ര സോഫ്ട് വെയറുകൾ വികസിപ്പിച്ചിട്ടുണ്ട്;

(ബി) ഇവ കൊണ്ടുള്ള പ്രയോജനം എന്തെന്ന് വിശദീകരിക്കുമോ;

(സി) ഈ സോഫ്റ്റ് വെയറുകളിലെ വിവരങ്ങൾ പൊതുജനങ്ങൾക്കും ലഭ്യമാണോ;

(ഡി) അല്ലാത്തപക്ഷം അവ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികളെടുക്കുമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി):-**

(എ) 40 എണ്ണം

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) സോഫ്റ്റ് വെയറുകളെ സംബന്ധിച്ച വിവരം ഇൻഫർമേഷൻ കേരള മിഷന്റെ www.infokerala.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

## വെൽഫയർ ഫണ്ട് രൂപീകരിക്കാൻ നടപടി

723. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ:
ശ്രീ. യു.സി. രാമൻ:
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. കെ.എൻ.എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ആരോഗ്യവകുപ്പു മന്ത്രിയുടെ പേരിൽ വെൽഫയർ ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഫണ്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫണ്ട് എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ(ആരോഗ്യവകുപ്പു മന്ത്രി):-**

(എ) ആരോഗ്യ വകുപ്പു ന്ത്രിയടെ പേരിൽ കേരള ഹെൽത്ത് മിനിസ്റ്റേഴ്സ് വെൽഫയർഫണ്ട് 1963 മുതൽ നിലവിലുണ്ട്.

(ബി) പാവപ്പെട്ട രോഗികൾക്ക് ചികിൽസാ ധനസഹായം നൽകുകയാണ് ഈ ഫണ്ടിന്റെ ഉദ്ദേശലക്ഷ്യം.

(സി) ബാധകമല്ല.

## കേരള സിവിൽ സർവ്വീസ്

724. ശ്രീ. ടി.കെ. ദേവകുമാർ:
ശ്രീ. സാജുപോൾ:
ശ്രീ. പി. ജയരാജൻ:
ശ്രീ. ടി.കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള സിവിൽ സർവ്വീസ് നടപ്പാക്കുന്നതിലൂടെ ഉയർന്ന തസ്തികകളിൽ നേരിട്ടുള്ള നിയമനം സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജീവനക്കാരുടെ സേവന ഘടനയെ പ്രതികൂലമായി ബാധിക്കുന്ന ഈ നടപടികളെക്കുറിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

**(എ)** കേരള ഭരണപരിഷ്ക്കാര കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഉദ്യോഗസ്ഥ പരിഷ്ക്കരണം സംബന്ധിച്ച 9-ാമത് റിപ്പോർട്ടിൽ കേരള സിവിൽ സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച ശുപാർശകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ച് വരുന്നതേയുള്ളു.

(ബി) ഈ റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ ഉദ്യോഗസ്ഥ പരിഷ്ക്കരണം സംബന്ധിച്ച് ഭരണ പരിഷ്ക്കാര കമ്മിറ്റി വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയതായി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. കേരള സിവിൾ സർവ്വീസ് രൂപീകരണം സംബന്ധിച്ച് സർക്കാർ തലത്തിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടില്ല.

## ഗ്രാമീണ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടി

725. ശ്രീ. പി.സി. ജോർജ്:
ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ:
ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണ മേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്താക്കുമോ;

(സി) ആഗോള-ഉദാര-സ്വകാര്യവത്ക്കരണ നയത്തിന്റെ ഫലമായി ഗ്രാമീണ വ്യവസായങ്ങൾ വൻ പ്രതിസന്ധിയെ നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമീണ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം**

**ശ്രീ. സി.എഫ്. തോമസ് (ഗ്രാമ വികസന വകുപ്പ് മന്ത്രി):-**

(എ)യും (ബി)യും

ഉണ്ട് ഖാദി ഗ്രാമ വ്യവസായകമ്മീഷനെ മാർജിൻ മണി പദ്ധതിപ്രകരം 2002-2003 വർഷത്തേയ്ക്ക് ബോർഡിന് അനുവദിച്ച മൂന്ന് കോടി രൂപയിൽ, എഴുപത്തിയഞ്ചു ലക്ഷം രൂപ ഖാദി കമ്മീഷനിൽനിന്ന് ലഭിച്ചത് കൊടുത്തു കഴിഞ്ഞു. ബാക്കി തുക ലഭിക്കുന്ന മുറയ്ക്ക് ഗ്രാമവ്യവസായ യൂണിറ്റുകൾക്ക് മാർജിൻ മണി ഗ്രാന്റ് അനുവദിച്ചു നൽകുന്നതാണ്.

(സി)യും (ഡി)യും. ഖാദി ഗ്രാമ വ്യവസായങ്ങളുടെ പ്രശ്നങ്ങളെയും സാദ്ധ്യതകളെയും കുറിച്ച് സംസ്ഥാനാസൂത്രണ ബോർഡുമായി ആലോചിച്ച് പഠനം നടത്തുന്നതാണ്. ഇതിലേക്കായി നടപ്പ് സാംപത്തിക വർഷം അഞ്ച് ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രസിദ്ധീകരണങ്ങൾ ഗ്രാമപഞ്ചായത്ത് വായനശാലകൾ വാങ്ങുന്നതിന് നടപടി**

726. ശ്രീ. സി.പി. മുഹമ്മദ്:
ശ്രീ. കെ. എ. ചന്ദ്രൻ:
ശ്രീ. എ.കെ. മണി:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി.ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ സാംസ്ക്കാരിക വകുപ്പിന്റെ പ്രസദ്ധീകരണ വിഭാഗം ഉൾപ്പെടെയുള്ള സംസ്ക്കാരിക സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളും ആനുകാലികങ്ങളും ഗ്രാമപഞ്ചായത്ത് വായനശാലകളിൽ വാങ്ങുന്നുണ്ടോ;

(ബി) ഇല്ലാത്തപക്ഷം പ്രസ്തുത പുസ്തകങ്ങളും ആനുകാലികപ്രസിദ്ധീകരണങ്ങളും ഗ്രാമപഞ്ചായത്ത് വായനശാലകൾ വാങ്ങുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി):-**

(എ) ഏതൊക്കെ ആനുകാലിക പ്രസിദ്ധീകരണങ്ങളും പുസ്കങ്ങളും ഗ്രാമപഞ്ചായത്ത് വായനശാലകളിലും ഗ്രന്ഥാലയങ്ങളിലും വാങ്ങണമെന്ന് തീരുമാനിക്കുന്നത് അതത് ഗ്രാമപഞ്ചായത്താണ്.

(ബി) സാംസ്ക്കാരിക വകുപ്പും സാംസ്ക്കാരിക സ്ഥാപനങ്ങളും ആവശ്യപ്പെട്ടാൽ അവയുടെ പ്രസിദ്ധീകരണങ്ങൾ വാങ്ങാൻ പഞ്ചായത്തുകൾക്ക് അനുവാദം നൽകാവുന്നതാണ്.

**പോലീസിലെ ഉന്നത ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസന്വേഷണം**

727. ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കെതിരായ ആക്ഷേപങ്ങൾ അന്വേഷിച്ച് നടപടി സ്വീകരിക്കുവാൻ കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ;

(ബി) പോലീസിലെ ഉന്നത ഉദ്യോഗസ്ഥർക്കെതിരായി ഉണ്ടാകുന്ന ആക്ഷേപങ്ങളെക്കുറിച്ച് ഡിപ്പാർട്ടമെന്റിന് പുറത്ത് മറ്റേതെങ്കിലും ഏജൻസിയെ നിയോഗിച്ച് അന്വേഷിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) സംസ്ഥാനത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കെതിരായ ആക്ഷേപങ്ങൾ അന്വേഷിക്കുന്നതിന് നിലവിൽ കുറ്റമറ്റ സംവിധാനങ്ങൾ നിലവിലുണ്ട്.

(ബി) പോലീസിലെ ഉന്നത ഉദ്യോഗസ്ഥർക്കെതിരായി ഉണ്ടാകുന്ന ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് വകുപ്പിനു പുറമെ വിജിലൻസ്, ലോകായുക്ത കോടതികൾ, മനുഷ്യാവകാശ കമ്മീഷൻ എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. ഇതിനു പുറമെ ചില പ്രത്യേക സന്ദർഭങ്ങളിൽ സർക്കാരിന് ആവശ്യമെന്ന് തോന്നുന്ന പക്ഷം ആക്ഷേപത്തിന്റെ സ്വഭാവം അനുസരിച്ച് സി.ബി.ഐ.യെ കൊണ്ടോ പ്രത്യേക അന്വേഷണ കമ്മീഷനെ നിയമിച്ചോ അന്വേഷണം നടത്താവുന്നതാണ്.

## പഞ്ചായത്ത് സ്ഥാപനങ്ങളേയും നഗരപാലികാ സ്ഥാപനങ്ങളേയും കമ്പ്യൂട്ടർ ശൃംഖലകൊണ്ട് ബന്ധിക്കാൻ നടപടി

728. ശ്രീ. വർക്കല കഹാർ :
ശ്രീ. ടി.എൻ. പ്രതാപൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജ് സ്ഥാപനങ്ങളേയും നഗരപാലികാ സ്ഥാപനങ്ങളേയും കമ്പ്യൂട്ടർ ശൃംഖല കൊണ്ടു ബന്ധിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഏതുവരെ ആയി എന്ന് പറയുമോ ;

(സി) ഇത് എപ്രകാരമാണ് നടപ്പാക്കുന്നത് എന്ന് വെളിപ്പെടുത്താമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം സ്വകാര്യമേഖലയുടെ സഹകരണത്തോടെ Build, Operate, Lease & Transfer (BOLT) രീതിയിൽ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## ഭക്ഷണ സാധനങ്ങളിൽ മായംചേർക്കൽ കണ്ടുപിടിക്കുന്നതിന് ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സംവിധാനങ്ങൾ

729. ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണ സാധനങ്ങളിൽ മായം ചേർക്കൽ കണ്ടുപിടിക്കുന്നതിന് ആരോഗ്യവകുപ്പിന്റെ കീഴിൽ ഇപ്പോഴുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഭക്ഷണ സാധനങ്ങളിൽ മായം ചേർക്കൽ കർശനമായി തടയുന്നതിനും കണ്ടുപിടിക്കുന്നതിനും എന്തെല്ലാം പുതിയ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മായം ചേർക്കൽ സംബന്ധിച്ച എത്ര സംഭവങ്ങൾ കണ്ടുപിടിച്ച് കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) 1954 ലെ കേന്ദ്ര ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമവും ചട്ടവും അനുശാസിക്കുംപ്രകാരം ഫുഡ് ഹെൽത്ത് അതോറിറ്റി കൂടിയായ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 14 ജില്ലാ ഫുഡ് ഇൻസ്പെക്ടർമാരും 60 സർക്കിൾ ഫുഡ് ഇൻസ്പെക്ടർമാരും തിരുവനന്തപുരം എറണാകുളം കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് വിജിലൻസ് സ്ക്വാഡും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഫുഡ് അതോറിറ്റിയുടെ പരോക്ഷമായ നിയന്ത്രണത്തിൽ മുൻസിപ്പൽ കോർപ്പറേഷൻ

അധികാരപരിധിയിൽ 32 ഫുഡ് ഇൻസ്പെക്ടർമാരും സേവനം അനുഷ്ഠിക്കുന്നുണ്ട്. ഫുഡ് ഇൻപെക്ടർമാർ നിയമാനുസരണം ശേഖരിക്കുന്ന സാംപിളുകൾ പരിശോധിക്കാനായി തിരുവനന്തപുരം എറണാകുളം കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് അനലിറ്റിക്കൽ ലബോറട്ടറികളും ശബരിമലയിലെ വഴിപാടുകളും ഹോസ്പിറ്റൽ ആഹാരസാധനങ്ങളുടെ ഗുണനിലവാരവും പരിശോധിക്കാനായി പത്തനംതിട്ടയിൽ ഒരു ലാബും പ്രവർത്തിച്ചുവരുന്നു.

(ബി) ഭക്ഷ്യമായം ചേർക്കൽ നിരോധന നിയമവും ചട്ടവുംപ്രകാരം മായം ചേർത്തതായി സംശയിക്കുന്ന ആഹാരപദാർത്ഥങ്ങൾ ശേഖരിക്കുന്നതിനായി ഫുഡ് ഇൻസ്പെക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം സെൻട്രൽ കമ്മിറ്റി ഫോർ ഫുഡ് സ്റ്റാൻഡേർഡ്സിന്റെ നിർദ്ദേശാനുസരണം ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് അനലിറ്റിക്കൽ ലബോറട്ടറികൾ നവീകരിക്കുന്നതിനും മറ്റും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സ) കഴിഞ്ഞ സാംപത്തികവർഷത്തിൽ 7662 ആഹാരസാധനങ്ങളുടെ സാംപിളുകൾ പരിശോധിച്ചതിൽ 250 സാംപിൾ മാം കലർന്നായി കണ്ടെത്തുകയും കുറ്റക്കാർക്കെതിരെ പി.എഫ്.എ. ആക്ട് 1954 അനുസരിച്ചുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## <u>ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഡന്റൽ ക്ളിനിക്കുകൾ</u>

730. ശ്രീ. ബിനോയ് വിശ്വം :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്ന ദന്ത വിഭാഗങ്ങളിൽ ആരോഗ്യ സംബന്ധമായ എല്ലാവിധ ചികിത്സകളും നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ ;

(ബി) ദന്ത സംരക്ഷണ പദ്ധതിക്കുവേണ്ടി ബോധവൽക്കരണ പരിപാടി നടത്തുന്നുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(സി) യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ (ഇ.ഇ.സി.) സാമ്പത്തിക സഹായത്തോടുകൂടി സംസ്ഥാനത്ത് ദന്തചികിത്സ വിഭാഗത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിൽ എത്ര ഡന്റൽ ക്ളിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ഇ) ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ എത്ര ദന്ത ചികിത്സാ വിഭാഗങ്ങളുണ്ട് എന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ ഉള്ള ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്ന ദന്തവിഭാഗങ്ങളിൽ ദന്ത ക്രമീകരണ ചികിൽസ ഒഴികെ മറ്റെല്ലാ ആരോഗ്യ സംബന്ധമായ ചികിൽസകളും നടത്തുന്നുണ്ട്. ഡെന്റൽ കോളേജുകൾ ഇല്ലാത്ത തൃശൂർ, ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രികളിൽ ദന്തൽ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ എല്ലാവിധ ദന്ത ചികിൽസയും നടത്തുന്നില്ല.

(ബി) നടത്തുന്നുണ്ട്.

ചികിൽസക്കുവരുന്നകുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും മറ്റു മുതിർന്ന ആളുകൾക്കും ചികിൽസയുടെ ആവശ്യകതയെപ്പറ്റി മനസ്സിലാക്കിക്കൊടുക്കുകയും പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. കൂടാതെ ദന്തൽ ഹൗസ് സർജൻസ്, പി.ജി. വിദ്യാർത്തഥികൾ എന്നിവർ സ്ക്കൂളുകളിൽ പോയി. വിദ്യാർത്ഥികൾക്കു ദന്ത സംരക്ഷണത്തെപ്പറ്റിയുള്ള ബോധവൽകരണ ക്ളാസ്സുകൾ നടത്തുന്നുണ്ട്.

(സി) പദ്ധതികളൊന്നുമില്ല.

(ഡി) ആരോഗ്യ വകുപ്പിന്റെ കീഴിൽ 74 ക്ളിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഇ) ഇതു സംബന്ധിച്ച് സംസ്ഥാനത്ത് മൊത്തത്തിലുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ജനറൽ ആശുപത്രി | – 5 |
| ജില്ലാ ആശുപത്രി | – 11 |
| താലൂക്ക് ആശുപത്രി | – 36 |
| കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | – 4 |

| | | |
|---|---|---|
| ഗവൺമെന്റ് ആശുപത്രി | – | 15 |
| പ്രൈമറി ഹെൽത്ത് സെന്റർ | – | 2 |
| മൊബൈൽ യൂണിറ്റ് | – | 1 |

**<u>പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും രാസവസ്തു പ്രയോഗിക്കുന്നത് തടയാൻ നടപടി</u>**

731. ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും അവ വളരെക്കാലം കേടുകൂടാതെ സൂക്ഷിക്കാനും നിറം കിട്ടുന്നതിനുംവേണ്ടി പ്രയോഗിക്കുന്ന രാസവസ്തുക്കൾ ആരോഗ്യത്തിന് ഹാനികരവും ദൂരവ്യാപകവുമായ ഫലങ്ങൾ ഉണ്ടാക്കുന്നതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് വിറ്റഴിക്കുന്ന പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും രാസവസ്തുക്കൾ പ്രയോഗിക്കുന്നത് തടയുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൈക്കൊണ്ടിട്ടുണ്ട്.

(സി) കേന്ദ്ര മായം ചേർക്കൽ നിരോധന നിയമവും ചട്ടവും അനുശാസിക്കും പ്രകാരം പഴങ്ങൾ പച്ചക്കറികൾ എന്നിവയുടെ സാംപിൾ ശേഖരിക്കുന്നതിനും ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ ചേർത്തതായി സംശയിക്കുന്നവയുടെ വിൽപന നിരോധിക്കാനും സംസ്ഥാന ഫുഡ് ഹെൽത്ത് അതോറിറ്റി കൂടിയായ ആരോഗ്യ വകുപ്പ് ഡയറക്ടർ ഫുഡ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**<u>ആരോഗ്യ വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടി</u>**

732. ശ്രീ. കെ.നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതന ജീവിതരീതികൾ മൂലം പുതിയ രോഗങ്ങൾ ബാധിക്കാൻ ഇടവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുതിയ രോഗങ്ങളെ നേരിടുന്നതിന് എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ ;

(സി) ആരോഗ്യരംഗം ഇന്നു നേരിടുന്ന പുത്തൻ വെല്ലുവിളികളെ ചെറുക്കുന്നതിന് ആവശ്യമായ ആരോഗ്യ വിദ്യാഭ്യാസം നൽകുന്ന കാര്യം പരിഗണിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) നൂതന ജീവിതരീതികൾകൊണ്ട് ഉണ്ടാകുന്ന രോഗങ്ങളിൽ പ്രധാനപ്പെട്ടവ ഹൃദ്രോഗം, അമിതവണ്ണം, കൊളസ്ട്രാൾ വർദ്ധന എന്നിവയാണ്. പുകവലി, മദ്യപാനം, ആഹാരത്തിൽ അമിതകൊഴുപ്പ്, പഞ്ചസാര, എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ചും വ്യായാമം പച്ചക്കറികൾ എന്നിവയുടെ ഗുണങ്ങളെക്കുറിച്ചും വ്യാപകമായ പ്രചാരണം പൊതുജനങ്ങൾക്കിടയിൽ നടത്തി ഈ വക രോഗങ്ങൾ ചെറുക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ ആരോഗ്യ വകുപ്പ് നടത്തുന്നുണ്ട്. കൂടാതെ രോഗലക്ഷണങ്ങൾ കണ്ട് ചികിൽസക്കെത്തുന്നവരെയും ഇക്കാര്യങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നുണ്ട്. ആരോഗ്യ വിദ്യാഭ്യാസ പരിപാടിയിൽപ്പെടുത്തി മാദ്ധ്യമങ്ങളുടെ സേവനവും ഇതിനായി ഉപയോഗിക്കുന്നു.

(സി) ആരോഗ്യ വിദ്യാഭ്യാസത്തിനും ബോധവൽക്കരണത്തിനും മതിയായ പ്രധാന്യം കൊടുത്തുകൊണ്ടുള്ള പദ്ധതികളാണ് ആരോഗ്യ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

## കേന്ദ്ര വനം-പരിസ്ഥിതികാര്യ മന്ത്രാലയത്തിന്റെ ദേശീയ ഹരിതസേനാ പരിപാടി

733. ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം.പി. ഗംഗാധരൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവനം-പരിസ്ഥിതികാര്യ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിലുള്ള ദേശീയ ഹരിതസേനാ പരിപാടി സംസ്ഥാനത്തു നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഈ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പരിപാടി പ്രകാരം ഇതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനു വേണ്ടിവരുന്ന ചെലവ് കേന്ദ്രഗവൺമെന്റാണോ സംസ്ഥാന ഗവൺമെന്റാണോ വഹിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ഉണ്ട്.

(ബി) ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ കൊടുക്കുന്നു.

1. പരിസ്ഥിയെയും പരിസ്ഥിതിസംബന്ധിയായ പ്രശ്നങ്ങളേയും കുറിച്ച് കുട്ടികളിൽ അറിവുണ്ടാക്കുക.

2. വിദ്യാർത്ഥികളായ കുട്ടികൾക്ക് പരിസ്ഥിതി വിദ്യാഭ്യാസ സാഹചര്യങ്ങൾ സൃഷ്ടിക്കുക.

3. വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള കുട്ടികളെ ബോധവൽക്കരിക്കുന്നതിനുള്ള അതുല്യ വിനിമയ പന്ഥാക്കളാക്കി ഉപയോഗപ്പെടുത്തിക്കൊണ്ട് സമൂഹത്തിലൊട്ടാകെ പരിസ്ഥിതി ബോധവൽക്കരണം നടപ്പാക്കുക.

4. പരിസ്ഥിതി-വികസന സംബന്ധിയായ മേഖലകളിൽ തീരുമാനങ്ങളെടുക്കാൻ ഉതകുംവിധം കുട്ടികളുടെ പങ്കാളിത്തം സുഗമമാക്കുക.

5. അവർ ജീവിക്കുന്ന സമൂഹത്തെ അഭിമുഖീകരിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളുമായി നേരിട്ട് സമ്പർക്കം പുലർത്തുംവിധം കുട്ടികളെ നയിക്കുകയും, ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വേണ്ടി അവരുടെ ചിന്താസരണി അനുസരിച്ച് വിടുകയും ചെയ്യുക.

6. അവരുടെ ചുറ്റുപാടുമുള്ള കർമ്മ പദ്ധതികളിൽ അവരെക്കൂടി ഉൾപ്പെടുത്തുക.

(സി) നടത്തിയ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

(1) ദേശീയ ഹരിതസേനയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസിയായി സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് നിയോഗിക്കപ്പെട്ടു.

(2) സംസ്ഥാനതല ഉദ്ഘാടനം 2001 ഒക്ടോബർ 9ന് ബഹു. മുഖ്യമന്ത്രി നിർവഹിച്ചു.

(3) പരിസ്ഥിതി വിഭാഗം പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി സംസ്ഥാന കമ്മറ്റിയും 14 ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ കമ്മിററിയും രൂപവത്ക്കരിച്ചു.

(4) ഓരോ വിദ്യാഭ്യാസ ജില്ലയിൽനിന്നും രണ്ടുപേരെ വീതം മാസ്റ്റർ ട്രെയിനികളായി തിരഞ്ഞെടുത്ത് മൂന്ന് ദിവസത്തെ പരിശീലനം നൽകി.

(5) 14 ജില്ലകളിൽ ഓരോന്നിലും കഴിയുന്നതും 100 സ്ക്കൂളുകളെ ഉൾപ്പെടുത്തി ഇക്കോ ക്ലബ്ബുകൾ രൂപീകരിച്ചു.

(6) എല്ലാ ജില്ലകളിലും രണ്ടു ദിവസം വീതമുള്ള ടീച്ചർ ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു.

(7) എല്ലാ ഇക്കോ ക്ലബ്ബുകൾക്കും ആദ്യഗഡു സാമ്പത്തിക സഹായവും പരിശീലനത്തനായുള്ള സാമഗ്രികളും വിതരണം ചെയ്തു.

(8) ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപവത്ക്കരിച്ചു.

(9) എല്ലാ സക്കൂളുകൾക്കും സർട്ടിഫിക്കറ്റ്, ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന ക്ലബിനും അദ്ധ്യാപകനും അവാർഡ് ഏർപ്പെടുത്തി.

(ഡി) കേന്ദ്ര ഗവൺമെന്റാണ് ഇതിനുവേണ്ടി വരുന്ന ചെലവ് വഹിക്കുന്നത്.

## ഹെൽത്ത് സിസ്റ്റം പ്രോജക്ട് പദ്ധതി നടപ്പിലാക്കാൻ നടപടി

734. ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് സിസ്റ്റം പ്രോജക്ട് എന്ന പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഈ പദ്ധതിയുടെ മുടക്കുമുതൽ എത്രയാണെന്നും പ്രസ്തുത തുകയുടെ സ്രോതസ്സ് ഏതാണെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതികൊണ്ട് സാധാരണക്കാരായ രോഗികൾക്ക് ലഭിക്കുന്ന ചികിത്സയെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ഹെൽത്ത്സിസ്റ്റം പ്രോജക്റ്റിനുവേണ്ടി ഹൈദ്രാബാദിലെ അഡ്മിനിസ്ട്രേറ്റിവ് സ്റ്റാഫ് കോളേജ് ഓഫ് ഇൻഡ്യ തയ്യാറാക്കി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ (കെട്ടിടം ഫർണിച്ചർ ഉപകരണങ്ങൾ മുതലായവ) വികസിപ്പിക്കുവാനും ചികിൽസയുടെ നിലവാരം മെച്ചപ്പെടുത്തുവാനുമാണ് ഈ പ്രോജക്ടു കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്.

(സി) 810 കോടി രൂപയുടെ പ്രോജക്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ലോക ബാങ്കു സഹായം തേടാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) മെച്ചപ്പെട്ട രോഗചികിൽസ സാധാരണക്കാരായ രോഗികൾക്ക് ലഭ്യമാക്കുക.

**************